പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കൻ്ററി വിഭാഗം)
ജഗതി, തിരുവനന്തപുരം
**E-mail-dirdhse.dge@kerala.gov.in**
**Phone No 0471 2580759**

നം: **HSE/3693/2025-Ad C6** **തീയതി :12-06-2025**

# <u>സർക്കുലർ</u>

വിഷയം :- പൊതുവിദ്യാഭ്യാസം- **2025-2026** -ലെ സർക്കാർ ഹയർ സെക്കന്ററി അധ്യാപകരുടെ ട്രാൻസ്ഫർ/ എച്ച് എസ്സ് എസ്സ് ടി ജൂനിയർ ടു സീനിയർ ബൈ ട്രാൻസ്ഫർ/**HSA, UPSA/LPSA, LAB ASST/MINISTERIAL STAFF** തസ്തികയിൽ നിന്നുള്ള **NJD** നിയമനം- എല്ലാ അധ്യാപകരേയും ബന്ധപ്പെട്ട സ്കൂളുകളിലെ പ്രിൻസിപ്പൽമാർ ട്രാൻസ്ഫർ സൈറ്റിൽ ജോയിൻ ചെയ്യിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ **2025-2026** അധ്യായന വർഷത്തെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ ബന്ധപ്പെട്ട അധ്യാപകരെ അതത് പ്രിൻസിപ്പാൾമാർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും അധ്യാപകർ ജോലിയിൽ പ്രവേശിച്ച ഉടൻതന്നെ അത് ട്രാൻസ്റ്റർ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ് എന്നറിയിച്ചിരുന്നു. എന്നാൽ ട്രാൻസ്ഫർ സൈറ്റ് പരിശോധിച്ചതിൽ നിലവിൽ ട്രാൻസ്ഫർ ലഭിച്ച വളരെ കുറച്ച് അധ്യാപകർ മാത്രമാണ് ജോയിൻ ചെയ്തിട്ടുള്ളത്. ആയതിനാൽ **2025-2026** -ലെ സർക്കാർ ഹയർ സെക്കന്ററി അധ്യാപകരുടെ ട്രാൻസ്ഫർ/ എച്ച് എസ്സ് എസ്സ് ടി ജൂനിയർ ടു സീനിയർ ബൈ ട്രാൻസ്ഫർ/**HSA, UPSA/LPSA, LAB ASST/ MINISTERIAL STAFF** തസ്തികയിൽ നിന്നുള്ള **NJD** നിയമനം എന്നിവ ലഭിച്ച അധ്യാപകരെ ട്രാൻസ്ഫർ സൈറ്റിൽ ജോയിൻ ചെയ്യിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ താഴെ പറയുന്ന അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

- **2025-2026** അധ്യായന വർഷത്തെ അന്തിമ പൊതുസ്ഥലമാറ്റ ഉത്തരവ് ബന്ധപ്പെട്ട അധ്യാപകരെ അതത് പ്രിൻസിപ്പാൾമാർ ഉടൻ പ്രാബല്യത്തിൽ ട്രാൻസ്ഫർ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്
- **2025** വർഷത്തെ എച്ച് എസ്സ് എസ്സ് ടി ജൂനിയർ തസ്തികയിൽ നിന്ന് **HSST** തസ്തികയിലേക്ക് തസ്തികമാറ്റനിയമനം ലഭിച്ച അധ്യാപകർ പഴയ സ്കൂളിൽ നിന്നും സൈറ്റിൽ റിലിവ് ചെയ്യേണ്ടതും ടി വിവരം അതാത് വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷന്റെ ഇ-മെയിൽ ഐഡിയിൽ ലഭ്യമാക്കേണ്ടതുമാണ്.
- **Institutional Level Approver** റോൾ നൽകിയിരുന്ന സീനിയർമോസ്റ്റ് അധ്യാപകർ ട്രാൻസ്ഫർ ആയതിനാൽ ജോയിൻ ചെയ്യിക്കാൻ കഴിയുന്നില്ല എങ്കിൽ ടി. വിവരം (നിലവിൽ റോൾ നൽകേണ്ട പ്രിൻസിപ്പൽ/ സീനിയർ മോസ്റ്റ് അധ്യാപകന്റെ വിവരം ഉൾപ്പടെ) അതാത് വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷന്റെ ഇ-മെയിൽ ഐഡിയിൽ ലഭ്യമാക്കേണ്ടതാണ്.
- എച്ച് എസ്സ് എസ്സ് ടി ജൂനിയർ തസ്തികയിലേയ്ക്ക് **HSA, UPSA/LPSA, LAB ASST/ MINISTERIAL STAFF** തസ്തികയിൽ നിന്നും **NJD** നിയമനം ലഭിച്ച അധ്യാപകരെ സൈറ്റിൽ ജോയിൻ ചെയ്യിക്കുന്നതിനായി ടി അധ്യാപകരുടെ സർവീസ് ബുക്കിലെ പേഴ്സണൽ വിവരങ്ങൾ ചേർത്തിരിക്കുന്ന ആദ്യ പേജിൻ്റെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുൾപ്പടെയുള്ള വിവരങ്ങളും ജോയിൻ ചെയ്യിട്ടില്ല എങ്കിൽ ടി വിവരവും അതാത് സെക്ഷന്റെ മെയിൽ ഐഡിയിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ നടപടികൾ പ്രസ്തുത പ്രിൻസിപ്പൽമാർ **17/06/2025 5 PM** നു മുൻപായി പൂർത്തികരിക്കരിക്കേണ്ടതാണ്. വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനുകളുടെ ഇ-മെയിൽ ഐഡി ചുവടെ ചേർക്കുന്നു.

| വിഷയം | ഇമെയിൽഐടി |
|---|---|
| ജോഗ്രഫി, സൂവോളജി | **transferadb1hse@gmail.com** |
| ഗണിതം | **transferadb2@gmail.com** |
| കോമേഴ്സ് | **transferadb3@gmail.com** |
| ഇംഗ്ലീഷ്, കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് | **transferadb4@gmail.com** |
| കെമിസ്ട്രി | **transferadb5@gmail.com** |
| ഫിസിക്സ് | **transferadb6@gmail.com** |
| ഹിന്ദി, അറബിക്, ഉറുദു, തമിഴ്, ജിയോളജി | **transferadc1@gmail.com** |
| ബോട്ടണി, സോഷ്യോളജി, സൈക്കോളജി, ഫിലോസഫി, കന്നഡ, മ്യൂസിക്, ഹോംസയൻസ്, ഇലക്ട്രോണിക്, ഇസ്ലാമിക്ഹിസ്റ്ററി | **transferadc2@gmail.com** |
| പൊളിറ്റിക്കൽസയൻസ്, ഹിസ്റ്ററി, സോഷ്യൽവർക്ക്, ഗാന്ധിയൻ സ്റ്റഡീസ് | **transferadc3@gmail.com** |
| എക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ജർമൻ , റഷ്യൻ | **transferadc4@gmail.com** |
| മലയാളം, സംസ്കൃതം, ആന്ത്രോപോളജി, ജേർണലിസം | **transferadc5@gmail.com** |
| കമ്പ്യൂട്ടർ സയൻസ് | **transferadc6@gmail.com** |

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

Signed by
Santhosh Kumar .r
Date: 12-06-2025 13:35:33